# Deepika

## 24 August 2018

## Pathanamthitta: Unexpected shutter opening in Sabarigiri

# ശബരിഗിരിയിൽ വേണ്ടിവന്നത് അപ്രതീക്ഷിത ഷട്ടർ തുറക്കൽ

**പത്തനംതിട്ട:** ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ പമ്പ, കക്കി-ആനത്തോട് സംഭരണികളുടെ ഷട്ടറുകൾ അധികത്തിൽ തുറന്നതു സംബന്ധിച്ച് വ്യക്തമായ മുന്നറിയിപ്പുകൾ ഉണ്ടായില്ലെന്ന ആക്ഷേപം ശക്തമാകുന്നു.

വൈകുന്നേരം വരെ പമ്പ ഡാമിന്റെ ആറ് ഷട്ടറുകളിൽ നാലെണ്ണം മാത്രമാണു തുറന്നിരുന്നത്. അതാകട്ടെ രണ്ടെണ്ണം ഒരു അടി വീതവും രണ്ടെണ്ണം ഒന്നര അടി ഉയരത്തിലും മാത്രമാണ് തുറന്നിരുന്നത്. കക്കി-ആനത്തോട് സംഭരണിയിലെ നാല് ഷട്ടറുകളിൽ രണ്ടെണ്ണം ഒന്നര അടി വീതം തുറന്നിരുന്നു. അപ്പോൾ തന്നെ ശബരിമല - പമ്പയിൽ ജലനിരപ്പ് നിയന്ത്രണാതീതമാകുകയും നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തിരുന്നു. മഴ ശക്തമായതോടെ രാത്രി 11 ഓടെ സ്ഥിതിഗതികൾ വഷളായെന്നാണ് വിശദീകരണം. രാത്രിയിൽ ഷട്ടറുകൾ അപകടകരമായ രീതിയിൽ തുറക്കരുതെന്ന ദുരന്തനിവാരണ അഥോറിറ്റിയുടെ മാർഗനിർദേശം പോലും പാലിക്കാൻ ഡാം സുരക്ഷാ വിഭാഗത്തിനായില്ല. രണ്ട് ഡാമുകൾക്കും നേരത്തെ തന്നെ റെഡ് അലർട്ട് പുറപ്പെടുവിച്ചിരുന്നതിനാൽ പത്തനംതിട്ട കളക്ടറേറ്റിലേക്ക് അടിയന്തര സന്ദേശം പോകുകയും എല്ലാ ഷട്ടറുകളും രണ്ടടി വരെ ഉയർത്തുകയുമായിരുന്നു. ഇതോടെ പമ്പാ തീരത്തും റെഡ് അലർട്ട് നൽകിയതായി പറയുന്നു. എന്നാൽ, പ്രദേശവാസികൾക്ക് അറിയിപ്പെത്തിയില്ല. റാന്നിയിൽ അനൗൺസ്മെന്റിന് ഇറങ്ങിയ വാഹനം മറുകര എത്തുന്നതിനു മുമ്പേ പമ്പാനദി കരകവിഞ്ഞു. വ്യക്തമായ മുന്നറിയിപ്പും മുന്നൊരുക്കവും ഇല്ലാതെയാണ് ഷട്ടറുകൾ തുറന്നതെന്ന് രാജു ഏബ്രഹാം എംഎൽഎയും ആരോപിച്ചു.

രാവിലെയായിട്ടും ജലനിരപ്പ് നിയന്ത്രണവിധേയമല്ലെന്നു കണ്ടതോടെ ഷട്ടറുകൾ ആറടി വരെ ഉയർത്തേണ്ട സാഹചര്യമുണ്ടായി. ഇതാണ് പമ്പാനദിയിൽ ജലനിരപ്പ് 12 അടിയോളം ഉയരാൻ പ്രധാന കാരണമായത്. അപ്പോഴും വ്യക്തമായ മുന്നറിയിപ്പുകൾ പമ്പയുടെ താഴ്ന്ന പ്രദേശങ്ങളിൽ പോലുമുണ്ടായില്ല. റാന്നിയിൽ പ്രളയക്കെടുതി ഏറിയതോടെ ജില്ലാ ഭരണകൂടവും ദുരന്ത നിവാരണ വിഭാഗവുമെല്ലാം അതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 15നു ഉച്ചയോടെ അയിരൂർ, കോഴഞ്ചേരി, ആറന്മുള മേഖലകൾ മുങ്ങി. രാത്രിയിൽതന്നെവെള്ളം ചെങ്ങന്നൂരിലുമെത്തിത്തുടങ്ങി. ഡാമുകളിലെ വെള്ളത്തോടൊപ്പം മഴ വെള്ളവും ഇരച്ചെത്തി. ഇതിനിടെ കിഴക്കൻ മേഖലകളിൽ ഒരു ഡസനിലധികം ഉരുൾപൊട്ടലുകളുമുണ്ടായി.